പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2266 — 17.06.2014-ൽ മറുപടിയ്ക്ക്

## ഇന്ദിര ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം

**ചോദ്യം**
**ശ്രീ.കെ.രാധാകൃഷ്ണൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) പദ്ധതി പ്രകാരം എത്ര പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | ഇന്ദിര ആവാസ് യോജന പ്രകാരം ഭവന നിർമ്മാണ ധനസഹായം നൽകുന്നത് ഗ്രാമവികസന വകുപ്പാണ്. ഗ്രാമവികസന വകുപ്പിൽ നിന്ന് ലഭ്യമായ കണക്ക പ്രകാരം സംസ്ഥാനത്ത് ആകെ 10173 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ 3540 പേർക്കും, 2012-13-ൽ 3096 പേർക്കും, 2013-14-ൽ 3537 പേർക്കും, ടി പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള പഴയ വീടുകൾ പൊളിച്ചിട്ട് പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനായി എത്ര വീടുകളുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | വാസയോഗ്യമായ വീടില്ലാത്തവരെ ഗ്രാമസഭ മുഖേന കണ്ടെത്തി ഭവന നിർമ്മാണ ധനസഹായം നൽകുകയാണ് ചെയ്യുന്നത്. ഐ.എ.വൈ പദ്ധതി പ്രകാരം പഴയ വീട് പൊളിച്ച് പുതിയ വീട് വയ്ക്കുന്നവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | എങ്കിൽ പുതിയതായി അനുവദിച്ച വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | സി) | പാറ, മണൽ,തടി തുടങ്ങിയ നിർമ്മാണ സാമഗ്രികൾ ഊരുകളിൽ എത്തിക്കാനുള്ള ഗതാഗത സൗകര്യക്കുറവ്, ഗുണഭോക്താവിന്റെ ഭൗതിക സാഹചര്യം എന്നിവയാണ് അനുവദിച്ച വീടുകളുടെ നിർമ്മാണത്തിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ. |
| ഡി) | ഇപ്രകാരം നിർമ്മാണം പൂർത്തിയാക്കാത്ത വീടുകളുണ്ടെങ്കിൽ അവ അടിയന്തമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഡി) | എല്ലാ മാസവും സംസ്ഥാന തലത്തിൽ പ്രോജക്ട് ഡയറക്ടർമാരുടെയും ജില്ലാ തലത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരുടെയും ബ്ലോക്ക് തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെയും അവലോകന യോഗം നടത്തുന്നതിനും ഭവന നിർമ്മാണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഗ്രാമവികസന വകുപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കിയിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ